പതിമൂന്നാം കേരള നിയമസഭ

ഒൻപതാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 169 | 17.06.2013ൽ മറുപടിയ്ക്ക്

## രഹസ്യ ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് ഇ-ഫയലിംഗ് സോഫ്റ്റ് വെയർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.ആരിഫ്<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.ബി.സത്യൻ<br>ഡോ.കെ.ടി.ജലീൽ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ | സംസ്ഥാനത്ത് സർക്കാർ വകുപ്പുകളുടെ രഹസ്യ ഫയലുകൾ ഉൾപ്പെടെ കൈകാര്യം ചെയ്യുന്നതിന് ഇ- ഫയലിംഗ് സോഫ്റ്റ് വെയർ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ; | എ | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഉന്നതവിദ്യാഭ്യാസം, വിവര സാങ്കേതിക വിദ്യ, ഭക്ഷ്യവും പൊതു വിതരണവും എന്നീ വകുപ്പുകളിൽ " ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റം " എന്ന പേരിൽ കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.കേരള സംസ്ഥാന ഐ.റ്റി. മിഷൻ, കേരള സംസ്ഥാന സസ്റ്റൈനബിൾ അർബൻ ഡവലപ്മെന്റ് പ്രോജക്ട്, അക്ഷയാ, സിറ്റിസെൻ കോൾ സെന്റർ, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, അനർട്ട്, സ്റ്റേറ്റ് ഇ- ഗവേർണൻസ് മിഷൻ ടീം എന്നീ പൊതു മേഖലാ സ്ഥാപനങ്ങളിലും കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ സ്ഥാപനമായ കേരള സംസ്ഥാന ഇലക്ട്രോണിക്സ് വികസന കോർപ്പറേഷനാണ് " ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റം " |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായം ലഭ്യമാക്കുന്നത്. |
| ബി | കേന്ദ്ര സർക്കാർ അംഗീകരിച്ച് നടപ്പിലാക്കിയ നാഷണൽ ഇൻഫർമാറ്റിക് സെന്ററി (എൻ.ഐ.സി)ന്റെ സോഫ്റ്റ് വെയർ ഇ-ഫയലിംഗ് ഉപയോഗപ്രദമാണോ എന്നും, സംസ്ഥാനത്ത് അത് ഉപയോഗിക്കാനുള്ള തീരുമാനത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്നും അറിയിക്കുമോ; | ബി | ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ എല്ലാവകുപ്പുകളിലും കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ " ഇൻഫർമാറ്റിക് സെന്റർ "(എൻ.ഐ.സി) വികസിപ്പിച്ചെടുത്ത ഇ-ഓഫീസ് എന്ന കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. |
| സി | സംസ്ഥാനത്തെ മറ്റേതെങ്കിലും സ്വകാര്യ സോഫ്റ്റ് വെയർ കമ്പനിയെ ഇ-ഫയലിംഗ് സോഫ്റ്റ് വെയറിനായി ആശ്രയിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് കമ്പനിയെ എന്നും, ഇതു സംബന്ധമായ തീരുമാനം എടുത്തത് എപ്പോഴാണ് എന്നും, സർക്കാരിന്റെ ഏത് തലത്തിൽ ആണെന്നും, ഇത് സംബന്ധമായ കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ; | സി | കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കുന്ന കാര്യം സംബന്ധിച്ച് സർക്കാർ സ്വകാര്യ സോഫ്റ്റ് വെയർ കമ്പനിയുമായി യാതൊരുവിധ കരാറിലും ഏർപ്പെട്ടിട്ടില്ല. |
| ഡി | കേന്ദ്രത്തിൽ വിജയകരമായ സോഫ്റ്റ് വെയർ തിരസ്കരിക്കപ്പെട്ടത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | ഡി | ഈ വിഷയത്തിൽ ഇതുവരെ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ